(ഡി) പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ എ.പി.എൽ/ബി.പി.എൽ ഭേദമില്ലാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനീ ജന്മരക്ഷ. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം ഉറപ്പാക്കുകയാണ് ലക്ഷ്യം. നവജാത ശിശുമരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതോടൊപ്പം മെച്ചപ്പെട്ട ആരോഗ്യസ്ഥിതിയുള്ള ശിശുക്കളെ സൃഷ്ടിക്കുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാർക്ക് ആവശ്യമായ ആരോഗ്യം ഉറപ്പുവരുത്തുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയുംവരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിവരുന്നു. മണി ഓർഡറായി നല്കിവരുന്ന ധനസഹായമാകയാൽ തുക ഗുണഭോക്താക്കളുടെ കയ്യിൽ നേരിട്ട് ലഭ്യമാകുന്നു.

(ഡി) ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസനവകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർ സാക്ഷ്യപ്പെടുത്തി നല്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർമാർ മുഖേന ലഭ്യമാകുന്ന പട്ടികയിലുള്ളവർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തിരം മണി ഓർഡറായി പട്ടികവർഗ്ഗ വികസന വകുപ്പ് തുക ഗുണഭോക്താക്കൾക്ക് നേരിട്ട് അയച്ചുവരുന്നു.

ജനനീ-ജന്മരക്ഷാ ആരോഗ്യ പദ്ധതി

280 (627) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനി-ജന്മരക്ഷാ ആരോഗ്യപദ്ധതി അട്ടപ്പാടിയിൽ നടപ്പാക്കുന്നുണ്ടോ ; എങ്കിൽ എത്ര വർഷമായിട്ട് പ്രസ്തുത പദ്ധതി ഇവിടെ നടപ്പാക്കുന്നു ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്നും ഇപ്പോൾ എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി അട്ടപ്പാടി ബ്ലോക്കിൽ ആകെ എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ച സ്ത്രീകളുടെ കുഞ്ഞുങ്ങൾ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(എഫ്) പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായം മാസംതോറും വിതരണം ചെയ്യുന്നതിന് പകരം ഒരുമിച്ച് വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. എ.പി.എൽ/ബി.പി.എൽ ഭേദമില്ലാതെ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് 2013, 8-ാം മാസം മുതൽ ജനനീ ജന്മരക്ഷ എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) അട്ടപ്പാടിയിൽ ടി പദ്ധതിയുടെ പ്രയോജനം 96 പേർക്ക് ലഭ്യമായിട്ടുണ്ട്. നിലവിൽ 755 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നു.

(സി) അട്ടപ്പാടിയിൽ ആകെ 43,77,550 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ജനനീ ജന്മരക്ഷാ പദ്ധതിയിൽ പ്രയോജനം ലഭിച്ച സ്ത്രീകളുടെ കുഞ്ഞുങ്ങൾ മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) റിപ്പോർട്ടുകൾ ലഭ്യമാകാൻ വൈകുന്ന ചുരുക്കം ചില അവസരങ്ങളിൽ രണ്ട് ഗഡു തുകകൾ ഒന്നിച്ച് (2,000 രൂപ) അയച്ചു നൽകിയിട്ടുണ്ട്. 13-11-2014-ന് അട്ടപ്പാടിയിലെ ഗുണഭോക്താക്കൾക്കും 1-4-2015-ന് നെടുമങ്ങാട്, നിലമ്പൂർ ഐ.റ്റി.ഡി.പി.-ക്കു കീഴിലെ ഗുണഭോക്താക്കൾക്കും ഇപ്രകാരം തുക അയച്ചു നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly